പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1618 — 11.2.2013-ൽ മറുപടിക്ക്

റെയിൽവേ പ്ലാറ്റ് ഫോം നിർമ്മാണത്തിലൂടെയുള്ള
നഗര ഖരമാലിന്യ സംസ്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | നഗരമാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി റെയിൽവേ പ്ലാറ്റ് ഫോം നിർമ്മിക്കുന്നതിന് ഖരമാലിന്യം ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പാക്കിയിരുന്നോ ; | എ) | നടപ്പാക്കിയിരുന്നു. |
| ബി) | എങ്കിൽ ഇതിനുപയോഗിച്ച സാങ്കേതികവിദ്യ എന്തായിരുന്നു; വിശദമാക്കുമോ ; | ബി) | റെയിൽവേ പ്ലാറ്റ്ഫോം നിർമ്മിക്കുവാൻ ഉദ്ദേശിച്ച സ്ഥലത്ത് പ്ലാസ്റ്റിക് ഷീറ്റ് വിരിച്ച് അതിനുമുകളിൽ 20 സെന്റിമീറ്റർ കനത്തിൽ മണ്ണ് വിരിച്ച് അതിനുമുകളിൽ 30 സെന്റിമീറ്റർ കനത്തിൽ മാലിന്യം നിറച്ച് ഷീപ്പ് ഫൂട്ട് ട്രോളർ ഉപയോഗിച്ച് കോംമ്പാക്ട് ചെയ്തതിനു ശേഷം മുകളിൽ വീണ്ടും 20 സെന്റിമീറ്റർ കനത്തിൽ മണ്ണിട്ട് കോമ്പാക്ട് ചെയ്യുന്നു. ഇതിനു മുകളിലായി 30 സെന്റിമീറ്റർ കനത്തിൽ വീണ്ടും മാലിന്യം നിറച്ച് ഷീപ്പ് ഫൂട്ട് ട്രോളർ ഉപയോഗിച്ച് മേൽപ്പറഞ്ഞരീതിയിൽ കോമ്പാക്ട് ചെയ്യുന്നു. ഇത്തരത്തിൽ 3 ലെയർ മാലിന്യവും 4 ലെയർ മണ്ണും ഒന്നിടവിട്ട് നിരത്തി കോമ്പാക്ട് ചെയ്ത് ഉറപ്പിക്കുന്നു. ഇങ്ങനെ ഉറപ്പിക്കുന്ന തറ ഒരു മഴക്കാലവും ഒരു വേനൽക്കാലവും കഴിഞ്ഞതിനുശേഷം മുകളിലായി ഇന്റർലോക്ക് ടൈൽ ഇട്ടാണ് പ്ലാറ്റ്ഫോം നിർമ്മാണം പൂർത്തിയാക്കുന്നത്. |
| സി) | പ്രസ്തുത പദ്ധതി ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; | സി) | ഉണ്ട്. |
| ഡി) | എങ്കിൽ ഏതൊക്കെ പ്ലാറ്റ് ഫോമിന്റെ നിർമ്മാണം ഇപ്രകാരം നടത്തി; കൂടുതൽ നിർമ്മാണം ഉദ്ദേ | ഡി) | തിരുവനന്തപുരത്ത് കൊച്ചുവേളിയിലും മുരുക്കുംപുഴയിലും രണ്ട് റെയിൽവേ പ്ലാറ്റ്ഫോമുകൾ മണ്ണും മാലിന്യവും ഉപയോ |

| | | | |
|---|---|---|---|
| | ശിക്കുന്നുണ്ടോ ; പ്രസ്തുത പദ്ധതിയ്ക്ക് നഗരസഭയുടെ പൂർണ്ണ സഹകരണമുണ്ടായോ ; | | ഗിച്ച് നിർമ്മാണം പൂർത്തിയാക്കിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി മാലിന്യം എത്തിക്കുന്നതിനും നിർമ്മാണപ്രവൃത്തികൾക്കുമായി നഗരസഭയുടെ പൂർണ്ണമായ സഹകരണം ലഭിച്ചിട്ടുണ്ട്. ഇപ്രകാരം കൂടുതൽ റെയിൽവേ പ്ലാറ്റ്ഫോമുകൾ നിർമ്മിക്കുന്നതിനായി സതേൺ റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ട്. |
| ഇ) | ഈ പദ്ധതിയിൽ ജനങ്ങളുടെ എതിർപ്പുണ്ടായിട്ടുണ്ടോ ; | ഇ) | പ്രസ്തുത പദ്ധതിക്ക് തുടക്കത്തിൽ ജനങ്ങളുടെ ഭാഗത്തു നിന്നും എതിർപ്പ് നേരിടേണ്ടി വന്നിട്ടുണ്ട്. എന്നാൽ പിന്നീട് ജനങ്ങളുടെ പൂർണ്ണമായ സഹകരണമാണുണ്ടായത്. മുരുക്കുംപുഴയിൽ നിർമ്മാണം പൂർത്തിയായ റെയിൽവേ പ്ലാറ്റ്ഫോമിന്റെ ഉദ്ഘാടന ദിവസം എല്ലാ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും പങ്കെടുത്തതും ജനങ്ങളുടെ എതിർപ്പ് കുറഞ്ഞതും ഇതിന്റെ സ്വീകാര്യത വെളിവാക്കുന്നു. |
| എഫ്) | എങ്കിൽ, അതിനുള്ള കാരണവും എതിർപ്പില്ലാതാക്കാൻ സ്വീകരിച്ച നടപടികളും വിശദമാക്കുമോ ? | എഫ്) | പ്രസ്തുത പദ്ധതി നടപ്പിലാക്കുക വഴി, ദുർഗ്ഗന്ധമോ മാലിന്യ പ്രശ്നമോ ഉണ്ടായിട്ടില്ല. കൊച്ചുവേളിയിൽ റെയിൽവേ പ്ലാറ്റ്ഫോമിന്റെ നിർമ്മാണ പ്രവൃത്തി നടന്നപ്പോൾ ആയവ കാണാനും കുറ്റമില്ലാത്തതാണെന്ന് മനസ്സിലാക്കാനും ജനങ്ങൾക്ക് കഴിഞ്ഞു. അതിനാൽ ജനങ്ങളുടെ എതിർപ്പ് കൂടുതലായി പ്രവൃത്തി നടപ്പിലാക്കിയ അവസരത്തിൽ ഉണ്ടായിട്ടില്ല. |

(signature)

സെക്ഷൻ ഓഫീസർ